**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2583 — 12.06.2018 -ൽ മറുപടിക്ക്

## ഹോംസ്റ്റേകളിൽ വിദേശ വിനോദസഞ്ചാരികളുടെ സുരക്ഷ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഉമ്മർ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) വിദേശ വിനോദസഞ്ചാരിയായ വനിത മരണപ്പെട്ട സംഭവത്തിന്റെ പശ്ചാത്തലത്തിൽ വിദേശികൾക്ക് കൂടുതൽ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് ഹോം സ്റ്റേകളിൽ എന്തെല്ലാം സംവിധാനങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; | എ) വിനോദസഞ്ചാര വകുപ്പ് ക്ലാസിഫിക്കേഷൻ നൽകിയിട്ടുള്ള ഹോംസ്റ്റേകളിൽ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. അംഗീകൃത ഹോം സ്റ്റേകളിൽ താമസിക്കുന്ന വിദേശികൾ സി-ഫോം രജിസ്ട്രേഷൻ നടത്തണമെന്ന വ്യവസ്ഥ നിലവിലുണ്ട്. |
| ബി) ഹോം സ്റ്റേകളിൽ താമസിക്കുന്ന വിദേശികൾക്ക് സി. ഫോം രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ? | ബി) ഉണ്ട്. ഇക്കാര്യം കൈകാര്യം ചെയ്യുന്നത് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് കീഴിലുള്ള ഫോറിനേഴ്സ് റീജിയണൽ രജിസ്ട്രേഷൻ ഓഫീസ് (FRRO) വഴിയാണ്. |

സെക്ഷൻ ഓഫീസർ